**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 611** **10-02-2025 - ൽ മറുപടിയ്ക്ക്**

**പുതു വൈപ്പിൻ മെഗാ ഫുഡ് പാർക്കിന്റെയും മത്സ്യസംസ്കരണ പ്ലാന്റിന്റെയും പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതു വൈപ്പിൻ മെഗാ ഫുഡ്പാർക്കിന്റെ ഭാഗമായി നിർമ്മാണം ആരംഭിച്ചതും നിലവിൽ നിർമ്മാണം നിലച്ചിരിക്കുന്നതുമായ പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ കെ.എസ്.ഐ.ഡി.സി യുടെ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി ആരംഭിച്ച പ്രാഥമിക മൽസ്യ സംസ്കരണ പ്ലാന്റിന്റെ കരാരിൽ നിന്നും കോൺട്രാക്ടർ പിന്മാറിയതിനാൽ കരാർ റദ്ദ് ചെയ്യുകയും തുടർന്ന് നിലവിലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ബാക്കി പ്രവർത്തികളുടെ എസ്റ്റിമേറ്റിന് 7.6 കോടി (GST ഉൾപ്പെടെ) രൂപക്ക് സാങ്കേതികാനുമതി ലഭ്യമാക്കി, 01.10.2024 ന് പ്രവൃത്തിയുടെ ഇ-ടെൻഡർ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇ-ടെൻഡർ സിംഗിൾ ബിഡ് ആയതിനാൽ 17.01.2025 ന് വീണ്ടും ടെൻഡർ പ്രസിദ്ധീകരിക്കുകയുണ്ടായി. ബിഡ് സമർപ്പിക്കാനുള്ള അവസാന തീയതി 03.02.2025 ആയിരുന്നു. ഒരു ബിഡ് ആണ് ലഭ്യമായിട്ടുള്ളത്. ടെക്നിക്കൽ ബിഡ് തുറന്ന് സാങ്കേതിക രേഖകൾ പരിശോധിച്ച് സാമ്പത്തിക ബിഡ് തുറക്കുന്നതിന് യോഗ്യമാണെങ്കിൽ ബിഡ് തുറന്ന് കരാർ അനുവദിക്കാവുന്നതാണ്. |
| (ബി) | പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2025 മാർച്ച് മാസത്തിൽ കരാർ നൽകി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 6 മാസമാണ്. |
| (സി) | പ്രസ്തുത പ്ലാന്റിന്റെ ഭാഗമായി മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനായി തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | പദ്ധതിക്കായി മുനമ്പം ഫിഷറീസ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച 75 സെന്റ് സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക ലാപ്സായി പോകാതിരിക്കാൻ ഈ തുക ഉപയോഗിച്ച് വൈപ്പിൻ, തോപ്പുംപടി എന്നിവിടങ്ങളിലെ പ്ലാന്റിന്റെ നിലവിലെ കപ്പാസിറ്റി വർദ്ധിപ്പിച്ച് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന് ഭക്ഷ്യ സംസ്കരണ |

| | | | |
|---|---|---|---|
| | | | വ്യവസായ മന്ത്രാലയത്തിന്റെ (MOFPI) ടെക്നിക്കൽ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ